CC-0. In Public Domain. Digitization by eGangotri

Government of Kerala

Kerala State Archives Department

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

CC-0. In Public Domain. Digitization by eGangotri

(Malayalam)

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ
(Samsthana Archives Vakuppinte Presidheekaranangal)

Published : 2021
Right Reserved

Patrons

Sri. Ramachandran Kadannappally
Hon. Minister for Ports, Archaeology, Archives and Museums,
Government of Kerala.

Dr. Venu V., IAS
Additional Chief Secretary,
Higher Education, Environment, Planning & Economic Affairs,
Archaeology, Archives & Museum Department,
Government of Kerala.

Chief Editor

Rejikumar J.
Director, State Archives Department
Government of Kerala

Co-ordinator

R. Asok Kumar
Archivist

Junior Editor

Shahinas M.

Editorial Assistant

Manju A.

Editorial Board

Prof. V. Karthikeyan Nair (Chairman)
Sri. E. P. R. Vesala
Dr. K. P. Mohanan
Dr. P. Soman

Cover Design & DTP

Kerala State Centre for Advanced Printing & Training (C-APT)

Price :

CC-0. In Public Domain. Digitization by eGangotri

പ്രസാധകക്കുറിപ്പ്

1962 ലാണ് കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ഒരു സ്വതന്ത്രവകുപ്പായി രൂപം കൊണ്ടത്. സംസ്ഥാന സർക്കാരിന്റെ ശാശ്വത മൂല്യമുള്ള തീർപ്പാക്കിയ രേഖകളുടെ സമാഹരണവും ശാസ്ത്രീയ സംരക്ഷണവും ആണ് ആർക്കൈവ്സ് വകുപ്പ് നിർവ്വഹിച്ചു വരുന്നത്. വകുപ്പിന് നളന്ദയിൽ വകുപ്പിന്റെ ആസ്ഥാനവും തിരുവനന്തപുരം കോട്ടയ്ക്കകം, എറണാകുളം, കോഴിക്കോട് എന്നി വിടങ്ങളിൽ മൂന്ന് മേഖലാ രേഖാലയങ്ങളും സ്ഥിതി ചെയ്യുന്നു.

താളിയോലകൾ, മുളക്കരണം, ചെപ്പേട്, കടലാസ് എന്നീ മാധ്യമങ്ങളിൽ എഴുതപ്പെട്ട രേഖകൾ ആണ് വകുപ്പിൽ സൂക്ഷി ച്ചിട്ടുള്ളത്. ഇതിൽ ഭൂരിഭാഗവും പൊതുരേഖകളാണ്.

സംസ്ഥാന ആർക്കൈവ്സ് വകുപ്പ് കാലാകാലങ്ങളിൽ പ്രസിദ്ധീ കരിച്ചിട്ടുള്ള 33 പുസ്തകങ്ങളുടെ സംക്ഷിപ്തരൂപമാണ് ഈ കൈപ്പുസ്തകം. ആർക്കൈവ്സ് വകുപ്പിന്റെ കൈവശമുള്ള അമൂല്യ രേഖാശേഖരത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ളതാണ് ഈ പുസ്തകങ്ങൾ. ഇവ ആർക്കൈവ്സ് വകുപ്പിന്റെ മകുടത്തിലെ മണി മുത്തുകളായി ശോഭിയ്ക്കുന്നു. ഇത് ചരിത്രകുതുകികളായ പൊതു ജനങ്ങൾക്കും ഗവേഷകർക്കും വളരെയധികം പ്രയോജനപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈ പുസ്തകത്തിന്റെ പേജ് സെറ്റിംഗ്, അച്ചടി എന്നിവ നടത്തിയ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സ്ഥാപനത്തിനും കൂടാതെ പുസ്തകത്തിന്റെ പ്രസിദ്ധീ കരണത്തിൽ സഹകരിച്ച ആർക്കൈവ്സ് വകുപ്പിലെ ജീവന ക്കാരോടുമുള്ള ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

രജികുമാർ ജെ.
ഡയറക്ടർ

CC-0. In Public Domain. Digitization by eGangotri

ഉള്ളടക്കം

പേജ് നം.

1	തിരഞ്ഞെടുത്ത സർക്കാർ തീട്ടൂരങ്ങൾ	01
2.	തിരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ	01
3.	ഷോകേയ്സ് രേഖാസൂചിക	02
4.	പെരുമ്പടപ്പു ഗ്രന്ഥവരി	03
5.	The History of Freedom Movement in Kerala - Vol. III	03
6.	സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ	04
7.	തിരുവിതാംകൂർ നീട്ടുസൂചിക – ഭാഗം 1	05
8.	സ്വാതന്ത്ര്യസമരസേനാനികളുടെ നിരോധിക്കപ്പെട്ട കൃതികൾ	06
9.	തിരുവിതാംകൂർ നീട്ടുസൂചിക – ഭാഗം 2	05
10.	Guide to Records - Central Archives, Thiruvananthapuram	06
11.	Guide to Records - Regional Archives, Ernakulam	07
12.	Selected Documents on Vaikom Satyagraha	07
13.	Kerala State Archives Bulletin Vol.1 No.3 2006	08
14.	Cultural Heritage & Disaster Management	08
15.	The Rajarshi of Cochin	09
16.	ശക്തൻ തമ്പുരാൻ – തിരഞ്ഞെടുത്ത ഭരണരേഖകൾ	10
17.	The Joint Commissioners' Report on Malabar 1792-93	11
18.	Archives Treasury	12
19.	Graeme's Report of the Revenue Administration of Malabar	12
20.	Selected Reports on Malabar Canara and Wynad	13
21.	Thaliyola Vol. 1	13
22.	Thaliyola Vol. 2	14
23.	Kadakkal Rebellion	14
24.	Guide to the Records Regional Archives, Kozhikkode	15
25.	A Short Account of the Laccadive Island and Minicoy	15
26.	The Kerala State Archives Bulletin (Swathi Thirunal)	16
27.	പ്രധാനപ്പെട്ട മതിലകം റിക്കാർഡുകൾ	16
28.	Report on the Northern Division of Malabar	17
29.	കേരളത്തിലെ പ്രാചീനലിപി മാതൃകകൾ	18
30.	സ്വാതന്ത്ര്യസമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഭാഗം 3	19
31.	സ്വാതന്ത്ര്യസമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഭാഗം 2	19
32.	ചരിത്ര രശ്മികൾ	20
33.	ഭരണഭാഷാ അടിസ്ഥാന രേഖകൾ	21

CC-0. In Public Domain. Digitization by eGangotri

1 തിരഞ്ഞെടുത്ത സർക്കാർ തീട്ടൂരങ്ങൾ



ജനാധിപത്യത്തിൽ ജീവിക്കുന്ന ആധുനിക തലമുറയ്ക്ക്, രാജഭരണത്തിന്റെ കാർക്കശ്യങ്ങൾ നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ ജീവിതം, ആ കാലഘട്ടത്തിലെ മൂല്യബോധം, സാമൂഹിക - സാമ്പത്തിക - സാംസ്കാരിക - രാഷ്ട്രീയ അരക്ഷിതാവസ്ഥ, ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച് വെളിച്ചം വീശുന്നതുമായ സാക്ഷ്യപത്രങ്ങളാണ് ജനകീയ വിജ്ഞാപനങ്ങൾ അഥവാ തിട്ടൂരങ്ങൾ. 1811 മുതൽ 1925 വരെയുള്ള (ഏകദേശം ഒരു ശതാബ്ദത്തിനുമേൽ) തിരുവിതാംകൂർ രാജഭരണവുമായി ബന്ധപ്പെട്ട 116 വിജ്ഞാപനങ്ങളാണ് ''തിരഞ്ഞെടുത്ത സർക്കാർ തീട്ടൂരങ്ങളിൽ'' ഉൾപ്പെടുത്തിയിരിക്കുന്നത്. ആധുനിക ജനാധിപത്യ വ്യവസ്ഥയെ ഒരു ദശാബ്ദത്തിനു മുമ്പത്തെ രാജഭരണ വ്യവസ്ഥയുമായി താരതമ്യം പഠിക്കാനും വിലയിരുത്തുവാനും ചരിത്ര വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഒന്നാണ് ഈ സമാഹാരം.

2 തിരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ

ജനാധിപത്യം നിലവിൽ വരുന്നതിനുമുമ്പ് ഉദ്ദേശം രണ്ടു നൂറ്റാണ്ടോളം തിരുവിതാംകൂർ ഭരിച്ചിരുന്ന സ്വരൂപങ്ങളുടെ ആധിപത്യകാലം കേരള ചരിത്രത്തിലെ വിസ്മ[illegible]ാത്ത ഏടുകളിൽ ഒന്നാണ്. ഈ കാലഘട്ടത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രധാനപ്പെട്ട വിളംബരങ്ങളുടെ ഒരു സമാഹാരമാണ് വകുപ്പ് പ്രസിദ്ധീകരിച്ച തെരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ. 1812 മുതൽ 1936 വരെ തിരുവിതാംകൂറിനെ നയിച്ച ഭരണാധികാരികളുടെ തിരഞ്ഞെടുത്ത 306 വിളംബരങ്ങളാണ് ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൊല്ലവർഷം 987ലെ മഹാറാണി ശ്രീ. ലക്ഷ്മിഭായി പുറപ്പെടുവിച്ച അടിമ വ്യാപാരം നിർത്തലാക്കികൊണ്ടുള്ള വിളംബരത്തിൽ തുടങ്ങി, തിരുവിതാംകുറിന്റെ

CC-0. In Public Domain. Digitization by eGangotri

സാമൂഹിക വ്യവസ്ഥിതിയിൽ ശ്രദ്ധേമായ മാറ്റത്തിന് തുടക്കം കുറിച്ച ശ്രീ. ചിത്തിര തിരുനാൾ മഹാരാജാവിന്റെ ക്ഷേത്ര പ്രവേശന വിളംബരത്തോടെയാണ് ഈ സമാഹാരം അവസാനിക്കുന്നത്. 1937-ൽ സെലക്ടഡ് പ്രൊക്ലമേഷൻസ് ബൈ ദി സോവറിൻ എന്ന പേരിൽ ഹുസൂർ സെൻട്രൽ വെർണാക്കുലർ റിക്കാർഡ്സ് സീരിസിൽ ഒന്നാമത്തെ ഗ്രന്ഥമായി പ്രസിദ്ധീകരിച്ച ഈ കൃതി ഇപ്പോൾ ലഭ്യമല്ല. പുരാരേഖാ വകുപ്പ് സാങ്കേതിക ഉപദേശ സമിതിയുടെ നിർദ്ദേശമനുസരിച്ച് ചെറിയ മാറ്റങ്ങൾ വരുത്തി തിരഞ്ഞെടുത്ത രാജകീയ വിളംബരങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ സമാഹാരം ചരിത്ര വിദ്യാർത്ഥികൾക്കും ചരിത്രകുതുകികൾക്കും ഏറെ താല്പര്യമുണർത്തുന്ന ഒന്നാണ്.

3 ഷോക്കേസ് രേഖാസൂചിക



തിരുവിതാംകൂറിന്റെ ഗതകാല ചരിത്ര - ഭരണ സംസ്കൃതികളുടെ ബാക്കി പത്രങ്ങളാണ് ഷോക്കേസ് രേഖകൾ. അന്നത്തെ ജനജീവിതത്തിന്റെ വിധി നിർണയിച്ചതും, പുതുദിശബോധം നൽകിയതുമായ നിരവധി വിളംബരങ്ങൾ, നീട്ടുകൾ, രാമായണം കിളിപ്പാട്ട്, ശ്രീമഹാഭാരതം, ഭഗവത്ഗീത, ജ്യോതിഷ - ആയുർവേദ-വിഷവൈദ്യ സംബന്ധമായ ഗ്രന്ഥങ്ങൾ, ലിപി പരിണാമം വ്യക്തമാക്കുന്ന നിരവധി ചാർട്ടുകൾ എന്നിവയെ കൂടാതെ ഒറ്റയോലകൾ, മുളക്കരണങ്ങൾ, ചെമ്പു തകിടുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽ തയ്യാറാക്കപ്പെട്ട നിരവധി രേഖകളും ഈ രേഖാ സമുച്ചയത്തിൽ ഉൾപ്പെടുന്നു. നമ്മുടെ പൈതൃകത്തിന്റെയും, പാരമ്പര്യത്തിന്റെയും തുടർച്ചയെ കാണിക്കുന്ന ഈ രേഖകൾ സാധാരണക്കാരിലേക്കും ഗവേഷകർക്കിടയിലേക്കും എത്തിച്ചേരേണ്ടതും പഠന വിഷയമാക്കപ്പെടേണ്ടതും വർത്തമാന കാലത്തിന്റെ ആവശ്യമാണ്. ഈ ഒരു സാഹചര്യത്തിലാണ് വകുപ്പ് പ്രസ്തുത രേഖകളെ സംബന്ധിക്കുന്ന വിവിധ വിവരങ്ങളടങ്ങിയതുമായ ഒരു സൂചിക പൊതുജനങ്ങൾക്കും ഗവേഷകർക്കുമായി പ്രസിദ്ധീകരിക്കുന്നത്.

CC-0. In Public Domain. Digitization by eGangotri

4 പെരുമ്പടപ്പു ഗ്രന്ഥവരി



വിഭജിത കേരളത്തിലെ ഒരുകാലത്തെ പ്രധാന അധികാര കേന്ദ്രങ്ങളായിരുന്നു സ്വരൂപങ്ങൾ ഇവയിൽ പ്രധാനപ്പെട്ട ഒരു സ്വരൂപമായിരുന്നു കൊച്ചി രാജവംശം എന്നറിയപ്പെട്ടിരുന്ന പെരുമ്പടപ്പു സ്വരൂപം. ഈ സ്വരൂപത്തെ സംബന്ധിച്ച് വിവിധ കാലഘട്ടങ്ങളിലുണ്ടായ ചരിത്ര സംഭവങ്ങളെ വിവരിക്കുന്നതിനൊപ്പം തന്നെ അയൽ രാജ്യങ്ങളും തിരുവിതാംകൂർ, മൈസൂർ, കോഴിക്കോട് എന്നിവയോടും യൂറോപ്യൻ കച്ചവട ശക്തികളായ പോർച്ചുഗീസ്, ഡച്ച് എന്നീ ഭരണ സംവിധാനങ്ങളുമായിട്ടുള്ള ബന്ധങ്ങളും മറ്റു ഭരണ-ചരിത്ര കാര്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഒരു സമാഹാരമാണ് ഈ ഗ്രന്ഥവരി. 1916-ൽ വകുപ്പ് ഇത് A Transilation of A record Granddhavari in the State Archives' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. പിന്നീട് സാങ്കേതിക ഉപദേശക കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പേരിൽ ചെറിയ മാറ്റംവരുത്തി ഗവേഷകർക്കും, ചരിത്രകാരന്മാർക്കും, പൊതു ജനങ്ങൾക്കും കൊച്ചി രാജ്യ ചരിത്രത്തെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും വേണ്ടി വകുപ്പ് പ്രസിദ്ധീകരിച്ചതാണ് പെരുമ്പടപ്പ് ഗ്രന്ഥവരി എന്ന ഈ പുസ്തകം.

5 The History of Freedom Movement in Kerala Vol. III (1938 - 48)

ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തെക്കുറിച്ച് പഠിക്കുന്ന അവസരത്തിൽ കേരളത്തിൽ നടന്ന സ്വാതന്ത്ര്യ സമരത്തോടും അനുബന്ധ പ്രക്ഷോഭങ്ങളോടും വേണ്ടത്ര പരിഗണന നൽകിയിട്ടുള്ളതായി കാണുന്നില്ല. ഇത്തരത്തിൽ ഉള്ള ഒരു ,സാഹചര്യത്തിലാണ് അവയെക്കുറിച്ചുള്ള രേഖകളും വിവരങ്ങളും ശേഖരിച്ച് പഠനം നടത്തി പൊതുജനസമക്ഷം അവ



തരിപ്പിക്കേണ്ടതായ ആവശ്യകത വന്ന് ചേരുന്നത്. ഈ അവസരത്തിലാണ് സ്വതന്ത്ര ഇന്ത്യയിലെ ആദ്യ Indian Hisorical Records Commission (IHRC മീറ്റിങ്ങിൽ ഇന്ത്യയുടെ വിവിധ മേഖലകളിൽ നടന്ന സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇതിനായി ഓരോ

CC-0. In Public Domain. Digitization by eGangotri

സംസ്ഥാനങ്ങളോടും അവയുടെ പ്രദേശത്ത് നടന്ന പ്രക്ഷോഭങ്ങളുടെ വിവരങ്ങളും രേഖകളും ശേഖരിക്കാനും അവ പ്രസിദ്ധീകരിക്കാനും നിർദ്ദേശമുണ്ടായി.

Regional Records Survey Committee (RRSC) യുമായി സഹകരിച്ച് സംസ്ഥാന സർക്കാർ മൂന്ന് വാല്യങ്ങളിലായി കേരളത്തിലെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇതിൽ ഒന്നാം വാല്യം 1970 ൽ പ്രസിദ്ധീകരിച്ചു. സ്വാതന്ത്ര്യ സമരത്തിലേക്ക് നയിച്ച കാരണങ്ങളും ആദ്യകാല സമരങ്ങളുമാണ് അതിലെ ഉള്ളടക്കം. 1972-ൽ പ്രസിദ്ധീകരിച്ച രണ്ടാം വാല്യത്തിൽ 1850 മുതൽ 1938 വരെ നടന്ന പ്രക്ഷോഭങ്ങളെ കുറിച്ചും ഉള്ള വിവരങ്ങളാണ്. 1938 മുതൽ 1948 വരെയുള്ള സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും സങ്കീർണവും നിർണായകവുമായ ഒരു കാലഘട്ടത്തെയാണ് മൂന്നാം വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ രൂപീകരണം കൊച്ചി രാജ്യപ്രജാമണ്ഡലം, മലബാറിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ ഐക്യകേരളമെന്ന പുതുചിന്ത കേരളത്തിലെ ജനങ്ങൾക്കിടയിൽ വേരോടിയത് തുടങ്ങിയവയെക്കുറിക്കുന്ന കാലഘട്ടം സ്വാതന്ത്ര്യ സമര ചരിത്രത്തിൽ മാത്രമല്ല കേരള ചരിത്രത്തിൽ തന്നെ നിരവധി സമകാല പരിവർത്തനങ്ങൾക്കും ബഹുജന മുന്നേറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച ഒന്നാണ്. ആയതിനാൽ അവയെ കുറിച്ച് വിശദമായി പരാമർശിക്കുകയും അമൂല്യമായ നിരവധി അറിവുകൾ നൽകുകയും ചെയ്യുന്ന ഈ കൃതി കേരള ചരിത്രപഠനത്തിലെ ഒരു പ്രധാനപ്പെട്ട രേഖയാണ്.

6 സ്വാതന്ത്ര്യ സമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ



ഇന്ത്യാ ചരിത്രത്തിലെ പ്രധാനപ്പെട്ട അധ്യായങ്ങളിലൊന്നാണ് ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന പ്രക്ഷോഭങ്ങൾ. സ്വാതന്ത്ര്യ സമരകാലത്ത് കേരള ജനതയെ ഏകീകരിക്കാനും ഉദ്ബോധിപ്പിക്കാനും ഉപയോഗിച്ച പ്രധാനപ്പെട്ട ആയുധങ്ങളിലൊന്നാണ് പ്രസംഗങ്ങൾ. സ്വാതന്ത്ര്യത്തിനും ഉത്തരവാദിത്ത ഭരണത്തിനും വേണ്ടിയുള്ള സമര പരിപാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ജനങ്ങളെ ധരിപ്പിച്ചിരുന്നത് പ്രസംഗങ്ങളിലൂടെയായിരുന്നു. ധീര ദേശസ്നേഹികളുടെ ദേശീയ പ്രസ്ഥാനത്തോടുള്ള പ്രതിബദ്ധതയും ആത്മത്യാഗവും കലർന്ന വാക്കുകൾ കേരള രാഷ്ട്രീയത്തിൽ പുതിയ വഴിത്തിരിവുണ്ടാക്കി. സംസ്ഥാന ആർക്കിയോളി വകുപ്പിന്റെ രേഖാശേഖരത്തിലെ തിരഞ്ഞെടുത്ത 76 പ്രസംഗങ്ങളാണ് ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേരള ചരിത്ര പഠനത്തിനും ഗവേഷണങ്ങൾക്കും ഈ സമാഹാരം ഏറെ സഹായകമായിരിക്കും.

CC-0. In Public Domain. Digitization by eGangotri

7 തിരുവിതാംകൂർ നീട്ടുസൂചിക – ഭാഗം ഒന്ന്
അകവൂർ നമ്പൂതിരി മുതൽ ദണ്ഡിപ്പുകാർ വരെ
&
9 തിരുവിതാംകൂർ നീട്ടുസൂചിക – ഭാഗം രണ്ട്
ദത്ത് മുതൽ റോന്ത് വരെ



തിരുവിതാംകൂർ രാജവംശത്തെ ആസ്പദമാക്കിയിട്ടുള്ള പഠനങ്ങൾക്ക് സഹായിക്കുന്ന പ്രധാനപ്പെട്ട സ്രോതസ്സുകളിൽ ഒന്നാണ് നീട്ടുകൾ. പല കാലഘട്ടങ്ങളിലായി മഹാരാജാക്കന്മാർ പുറപ്പെടുവിച്ച ഉത്തരവുകളും വിളംബരങ്ങളുമാണ് നീട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നത്. നീട്ടുകൾ താളിയോലകളിലെഴുതിയ ചുരുണകളായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. ആയിരത്തോളം ഓലകൾ ചരടിൽ കോർത്ത് ചുരുളുകളാക്കി വച്ചിരിക്കുന്നവയാണ് ചുരുണകൾ. ആധുനിക മലയാളത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭാഷയിലും ലിപിയിലും എഴുതപ്പെട്ടിരിക്കുന്ന നീട്ടുകൾ ചരിത്ര വിദ്യാർത്ഥികളെ മാത്രമല്ല, ഭാഷാ പണ്ഡിതന്മാരെയും ആകർഷിക്കുന്നു. അന്നത്തെ ഔദ്യോഗികഭാഷയിലേയ്ക്കും അർത്ഥവികാസവും അർത്ഥസങ്കോചവും സംഭവിച്ച പല മലയാള പദങ്ങളിലേയ്ക്കും ഇവ വെളിച്ചം വീശുന്നു.

തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ ക്രിസ്തുവർഷം 1900 വരെയുള്ള നീട്ട് രേഖകൾ സൂക്ഷിച്ചിരിക്കുന്നു. നൂറ്റിയൊന്ന് വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ചുരുണകളുടെ ഇൻഡെക്സാണ് രണ്ട് ഭാഗങ്ങളിലായിട്ടാണ് സംസ്ഥാന പുരാരേഖാ വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഭാഗം ഒന്നിൽ അകവൂർ നമ്പൂതിരി മുതൽ ദണ്ഡിപ്പുകാർ വരെയുള്ള ശീർഷകങ്ങളിലും ഭാഗം രണ്ടിൽ ദത്ത് മുതൽ റോന്ത് വരെയുള്ള ശീർഷകങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.



omain. Digitization by eGangotri



ധീര ദേശാഭിമാനികളുടെയും, സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരുടെയും നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് കേരളത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭ്യമായത്. അഭിപ്രായ സ്വാതന്ത്ര്യവും, പത്രസ്വാതന്ത്ര്യവും ഹനിക്കപ്പെട്ട ഒരു കാലഘട്ടത്തിൽ അടിയാളരുടെയും പട്ടിണി പാവങ്ങളുടെയും ദുരവസ്ഥ സമൂഹത്തിന്റെ നേർക്കാഴ്ചയിലേക്ക് കൊണ്ടുവന്ന് ഭരണാധികാരികളുടെ കിരാത നിയമങ്ങൾക്കും ഉരുക്കു മുഷ്ടിക്കും മുന്നിൽനിന്ന് ധീരമായി നടത്തിയ അഭിപ്രായ പ്രകടനങ്ങളുടെ ചെറിയ ഒരു പരിച്ഛേദമാണ് സ്വാതന്ത്ര്യസമര സേനാനികളുടെ നിരോധിക്കപ്പെട്ട കൃതികൾഎന്ന സമാഹാരം. നിരോധിക്കപ്പെട്ടിട്ടുള്ളതും കണ്ടുകെട്ടപ്പെട്ടിട്ടുള്ളതുമായ 10 കൃതികളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ദിവാൻ സർ സി.പി.യ്ക്ക് എതിരെ സ്റ്റേറ്റ് കോൺഗ്രസ് നൽകിയ മെമ്മോറിയലും കേസരിയുടെ നിരോധിക്കപ്പെട്ട ലക്കങ്ങളും, വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ ധർമ്മരാജ്യം എന്ന ചെറുകഥയും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട കൃതികളുടെ നിരോധന ഉത്തരവിന്റെ പകർപ്പും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. സ്വാതന്ത്ര്യസമര ചരിത്രകാലഘട്ടത്തെപ്പറ്റി പഠിക്കുന്ന ചരിത്ര വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇവ തീർച്ചയായും ഉപകാരപ്രദമായിരിക്കും.

ലോകത്തെ മൊത്തം വിസ്മയിപ്പിക്കുന്നതരം ഒരു കോടിയിൽപ്പരം താളിയോലകളുടെ സംരക്ഷിത കലവറയാണ് തിരുവനന്തപുരം സെട്രൽ പുരാരേഖാ മന്ദിരം. 14-ാം നൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ട് വരെ തിരുവിതാംകൂറിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക വിഷയങ്ങൾ, അന്ന് നിലനിന്നിരുന്ന എഴുത്തു രീതികളായ വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ഗ്രന്ഥാക്ഷരം, പ്രാചീന തമിഴ് ലിപി എന്നീ ലിപി സമ്പ്രദായങ്ങൾ താളിയോലകളിൽ ഉപയോഗിക്കപ്പെട്ടിരുന്നു. ചുരുണകളുടെ രൂപത്തിലാണ് താളിയോലകൾ. ഏകദേശം 10000-ൽ പരം ചുരുണകളുണ്ട്. തിരുവിതാംകൂറിന്റെ സാമൂഹിക - സാംസ്കാരിക പരിഷ്കാരങ്ങളിലേയ്ക്ക് വെളിച്ചം വീശുന്ന രേഖകളായ Show case records സൂക്ഷിച്ചിരിക്കുന്നതും ഇവിടെയാണ്. താളിയോലയും, Show case records ഉം സൂക്ഷിക്കുന്ന ചതുരാകൃതിയിലുള്ള മന്ദിരവും, അതിന്റെ നടുവിലായി ചരിത്രാംശമായിട്ടുള്ളതും പൂജാദി കർമ്മങ്ങൾ അനുഷ്ഠിച്ചു പോരുന്ന അമ്പലവും ഉൾപ്പെടുന്ന തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിനെ കുറിച്ചുള്ള മാർഗ്ഗദർശിയാണ് ഈ പുസ്തകം.



CC-0. In Public Domain. Digitization by eGangotri



Guide to Archives Series 2 - REGIONAL ARCHIVES ERNAKULAM

പുരാരേഖകളുടെ സംരക്ഷണ കലവറകളാണ് ആർക്കൈവ്സുകൾ. വിവിധ തരത്തിലും, സ്വഭാവത്തിലും, വിഭാഗത്തിലും പെടുന്നതായ രേഖകൾ ഇവിടെ സംരക്ഷിച്ച് സൂക്ഷിക്കപ്പെട്ടുവരുന്നു. വകുപ്പിന്റെ നാലു പ്രധാനപ്പെട്ട രേഖാ സൂക്ഷിപ്പു കേന്ദ്രങ്ങളിലൊന്നാണ് എറണാകുളത്ത് പ്രവർത്തിച്ചു വരുന്നത്. ഏകീകൃത കേരളത്തിനു മുമ്പ് നിലവിലുണ്ടായിരുന്ന കൊച്ചി രാജ്യത്തിന്റെ ചരിത്ര രേഖകളാണ് പ്രധാനമായും ഇവിടെ സൂക്ഷിക്കപ്പെട്ടു പോരുന്നത്. ഇതിൽ നിരവധി അപൂർവ്വവും, അമൂല്യവുമായ പേപ്പർ, താളിയോല, താമ്രപത്ര - മുളക്കരണ രേഖകൾ എന്നിവ ഉൾപ്പെടുന്നു. ഇത്തരത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളെക്കുറിച്ച് പൊതുജനത്തിനും ഗവേഷകർക്കും ചരിത്രകാരന്മാർക്കും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കേന്ദ്രഗവൺമെന്റ് പ്രോജക്ടിന്റെ Source of Asian History യുടെ ഭാഗമായാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. വിവിധ വിഭാഗങ്ങളിലും വകുപ്പുകളിലുമായി ഏതൊക്കെ രേഖകൾ ലഭ്യമാണ്, എത്ര രേഖകൾ ഓരോ വിഭാഗത്തിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നൊക്കെ ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുവാനും വിവര കേന്ദ്രത്തിനെക്കുറിച്ച് മൊത്തത്തിൽ ഒരു അവലോകനം ഉണ്ടാക്കിയെടുക്കാനും ഈ പുസ്തകം സഹായിക്കുന്നു.

12 വൈക്കം സത്യാഗ്രഹ ചരിത്ര രേഖകൾ



വൈക്കം സത്യാഗ്രഹ ചരിത്ര രേഖകൾ എന്ന പുസ്തകം, ആറ് അദ്ധ്യായങ്ങളിലായി വൈക്കം സത്യാഗ്രഹത്തിന്റെ പത്രവാർത്ത, പ്രാഥമിക രേഖകൾ അതിലുപരി ഗാന്ധിജിയുടെ വൈക്കം സന്ദർശനം അവിടെ അദ്ദേഹം നടത്തിയ പ്രസംഗം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പ് പ്രസിദ്ധീകരിച്ച ഈ പുസ്തകം ചരിത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കൂടാതെ പൊതു സമൂഹത്തിനും അന്നത്തെ സാമുഹിക-രാഷ്ട്രീയ അരക്ഷിതാവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ ഒരു ഉപാധിയായിരിക്കും.

CC-0. In Public Domain. Digitization by eGangotri

13 Kerala State Archives Bulletin (Vol-3) Manuscript Tradition of Kerala



കേരളത്തിന്റെ മഹത്തായ താളിയോല എഴുത്തു - സംരക്ഷണ പാരമ്പര്യത്തെക്കുറിച്ചുള്ള വിവിധ തരത്തിലുള്ള അറിവുകൾ പൊതുജനത്തിന്റെയും ഗവേഷക കുതുകികളുടെയും ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടിയാണ് കേരളത്തിന്റെ താളിയോല പാരമ്പര്യത്തിന് പ്രാധാന്യം കൊടുത്ത കൊണ്ട് വകുപ്പ് ഈ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പ്രൊഫ. എം.ജി.എസ്. നാരായണൻ, ശൂരനാട് കുഞ്ഞൻ പിള്ള, ഡോ. എം. സുന്ദരരാജ് തുടങ്ങിയവർ ഈ ലക്കത്തിലൂടെ തങ്ങളുടെ അറിവുകൾ ഗവേഷകർക്കും സാധാരണക്കാർക്കുമായി പങ്കുവെക്കുന്നു.

വകുപ്പിനു കീഴിലുള്ള സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരമാണ് ലോകത്തിലെ ഏറ്റവും കൂടുതൽ താളിയോല രേഖകൾ സൂക്ഷിച്ച് സംരക്ഷിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്രം. സാങ്കേതിക വിദ്യ അനുദിനം വളർന്നുവരുന്ന ഇക്കാലത്ത്, അറിവുകൾ സൂക്ഷിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നതിൽ മഹത്തായ ഒരു പാരമ്പര്യം നമുക്കുണ്ടായിരുന്നു. പുതുതലമുറയിലേക്ക് പകർന്നുകൊടുക്കുകയും അവ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പുസ്തകം പ്രസിദ്ധീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

14 Cultural Heritage and Disaster Management



ഭൂമിയുടെ ഓരോ അണുവിലും ചെറുതും - വലുതുമായ ദുരന്തങ്ങൾ, പ്രകൃതിക്ഷോഭമോ, മനുഷ്യനാൽ നിയുക്തമായതോ ആയ കാലക്കേടുകൾ കൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത്തരം സംഭവങ്ങൾ മനുഷ്യന്റെ നിലനിൽപ്പിനെയും അവന്റെ ഭൂതകാലത്തിന്റെ ശേഷിപ്പുകളായ ചരിത്ര സ്മാരകങ്ങൾ, ചരിത്ര രേഖകൾ, മ്യൂസിയം മുതലായവയെയും സാരമായി ബാധിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകങ്ങളായ പുരാരേഖ, പുരാവസ്തു, മ്യൂസിയം എന്നിവയുടെ സംരക്ഷണം എന്നത് വളരെ ഉത്തരവാദപ്പെട്ട ചുമതലയാണ്. അവയുടെ സംരക്ഷണ രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി. ഡൽഹി ദേശീയ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹരണമാണ് ഈ പുസ്തകം.

CC-0. In Public Domain. Digitization by eGangotri

15 THE RAJARSHI OF COCHIN Autobiography of Maharaja Sir Sri Rama Varma

ഇന്ത്യയിൽ നില നിന്നിരുന്ന 600 ൽ പരം നാട്ടുരാജ്യങ്ങളിൽ തെക്കേ അറ്റത്തു കിടന്നിരുന്ന കൊച്ചി രാജ്യം അതിന്റെ പുകൾ പെറ്റ ഭരണാധികാരികളാലും പ്രബുദ്ധരായ ജനങ്ങളാലും മറ്റു നാട്ടു രാജ്യങ്ങളിൽ പോലും ആദരവ് നേടിയെടുത്തിരുന്നു. ഇത്തരത്തിൽ കൊച്ചിയെ അതിന്റെ പ്രശസ്തിയുടെ അത്യുന്നതികളിലേക്ക് ഉയർത്തിയത് 1895 മുതൽ 1914 വരെ രാജസിംഹാസനം അലങ്കരിച്ച, മറ്റു ഭരണാധികാരികൾക്കിടയിൽ 'രാജർഷി എന്നറിയപ്പെട്ട മഹാരാജാവ് സർ ശ്രീ. രാമവർമ്മയായിരുന്നു. ആ കാലഘട്ടം കൊച്ചി രാജ്യത്തിന്റെ ചരിത്ര ഗതിയെയും ജനജീവിതത്തെയും എങ്ങിനെ അടയാളപ്പെടുത്തി എന്നത് അദ്ദേഹത്തിന്റെ ആത്മകഥാംശമുള്ള കൃതിയിൽ കാണാവുന്നതാണ്. The Rajarshi of Cochin എന്ന ഈ കൃതിയുടെ ആദ്യഭാഗം മഹാരാജാവിന്റെ ജീവചരിത്രപരമായ കുറിപ്പുകളും രണ്ടാം ഭാഗം മകൻ ശ്രീ. ഐ. എൻ. മേനോൻ മഹാരാജാവിന്റെ ജീവിതത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗവുമാണ്. മൂന്നാം ഭാഗമാകട്ടെ മഹാരാജാവിന്റെ സ്ഥാനത്യാഗത്തെക്കുറിച്ചും അനുബന്ധത്തിന്റെ രൂപത്തിൽ ബാലബോധനം, വേദാനു പരിഭാഷാസംഗ്രഹം എന്നിവയെക്കുറിച്ചുമാണ്. ആയതിനാൽ കൊച്ചി രാജാവിന്റെ സുവർണ്ണ കാലഘട്ടത്തിനെക്കുറിച്ചും അതിനു ചുക്കാൻ പിടിച്ച ഭരണാധികാരിയെക്കുറിച്ചും മനസിലാക്കുന്നതിന് ഈ കൃതി സഹായകമായിത്തീരുന്നു.

CC-0. In Public Domain. Digitization by eGangotri

16 ശക്തൻ തമ്പുരാൻ തിരഞ്ഞെടുത്ത ഭരണ രേഖകൾ



കൊച്ചി രാജ്യം നിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോഴാണ് അതിന്റെ യശസ്സ് വാനോളം ഉയർത്തിയ മഹാരാജാവായ ശക്തൻ തമ്പുരാൻ ഭരണം ഏറ്റെടുക്കുന്നത്. വൈദേശികാധിപത്യവും, ആഭ്യന്തര പ്രശ്നങ്ങളും വെല്ലുവിളികൾ ഉയർത്തിയ സാഹചര്യത്തിൽ അവയെയെല്ലാം സമചിത്തതയോടെ നേരിട്ട് ജനങ്ങളുടെ ക്ഷേമത്തിനും ഐക്യത്തിനും മുൻതൂക്കം നൽകി രാജ്യത്തെ മുന്നോട്ടു നയിച്ച ഭരണാധികാരി എന്ന നിലയിൽ അദ്ദേഹം തന്റെ നാമം അനശ്വരമാക്കി. അദ്ദേഹത്തിന്റെ പല നടപടികളും, ഭരണക്രമീകരണങ്ങളും അനന്തര തലമുറക്ക് മാതൃകയാക്കാൻ പോന്നവയായിരുന്നു. ആയതിനാൽ ഗവേഷകർക്കും കൊച്ചി രാജ്യത്തെക്കുറിച്ച് പഠിക്കുന്നവർക്കും അമൂല്യമായ വിവരങ്ങളുടെ സ്രോതസ്സാണ് ഈ പുസ്തകം. ശക്തൻ തമ്പുരാന്റെ ജീവിതത്തിന്റെയും ഭരണത്തിന്റെയും ചില സാക്ഷ്യപത്രങ്ങളാണ് ഇതിൽ സമാഹരിച്ചിട്ടുള്ളത്. വിദേശ ശക്തികളോടുള്ള സമീപനം, സാമ്പത്തിക, സാമൂഹിക വിവരങ്ങൾ തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങളും ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിരിക്കുന്നു. എറണാകുളം റീജിയണൽ ആർക്കൈവ്സിലെ സീരീസ് ഫയലുകളിൽ നിന്നാണ് ഇവയെല്ലാം തന്നെ ശേഖരിച്ചിട്ടുള്ളത്.

CC-0. In Public Domain. Digitization by eGangotri



ഒരു പ്രദേശത്തെക്കുറിച്ച് പഠിക്കുന്നതിന് ഒരിക്കലും ഒഴിവാക്കാനാകാത്ത ഒന്നാണ് അവിടത്തെ ജനതയുടെ ചരിത്രം. അതുവരെ നിലനിന്നിരുന്ന രീതിയിൽ എന്നും വ്യത്യസ്തമായി ജനതയുടെയും പ്രദേശത്തിന്റെയും ചരിത്രം അവയുടെ സമഗ്രതയിൽ രേഖപ്പെടുത്താൻ തുടങ്ങിയത് ബ്രിട്ടീഷുകാരുടെ വരവോടുകൂടിയാണ്. അത്തരത്തിലുള്ള പഠനങ്ങളുടെയും രേഖപ്പെടുത്തലുകളുടെയും ലക്ഷ്യങ്ങൾ മറ്റു പലതുമായിരുന്നുവെങ്കിലും അവർ തങ്ങളുടെ അധീനതയിലുള്ള പ്രദേശത്തിലെ ജനങ്ങളെക്കുറിച്ചും ഭൂപ്രകൃതിയെക്കുറിച്ചും മറ്റ് കാര്യങ്ങളെ കുറിച്ചും വിശദമായി പഠിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ മലബാറിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഒരു പ്രധാനപ്പെട്ട പഠന റിപ്പോർട്ടാണ് The Joint Commissioner's Report on Malabar. മറ്റു പഠന റിപ്പോർട്ടുകളിൽ നിന്ന് വ്യത്യസ്തമായി ഈ റിപ്പോർട്ടിൽ ജനങ്ങളുടെ ജീവിത രീതി, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സൈനിക-നിയമ വാഴ്ചാ സംവിധാനങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. ഈ റിപ്പോർട്ടിന്റെ അന്തസത്ത ചോർന്നു പോകാതിരിക്കാൻ സ്ഥല നാമങ്ങൾ, പേരുകൾ, ജാതി പേരുകൾ തുടങ്ങിവയെല്ലാം തന്നെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്താതയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

CC-0. In Public Domain. Digitization by eGangotri

18 Archives Treasury



ചരിത്ര പഠനങ്ങളുടെ ആധികാരികത നിർണ്ണയിക്കുന്നത് ഗവേഷണങ്ങൾക്ക് അടിസ്ഥാന മാക്കിയിട്ടുള്ള സ്രോതസ്സുകളാണ്. പ്രാഥമിക സ്രോത സ്സുകളുടെ സൂക്ഷ്മ പരിശോധന ആസ്പ ദമാക്കിയിട്ടുള്ള പഠനങ്ങൾ മാത്രമാണ് ഇന്ന് ചരിത്ര സമൂഹം അംഗീകരിക്കുന്നത്. പ്രാഥമിക രേഖകളുടെ കലവറകളായ ആർക്കൈവ്സുകൾ, അതിനാൽ തന്നെ ചരിത്ര വിദ്യാർത്ഥികളുടെ നിധി പേടകങ്ങളാണ്.

കേരള ചരിത്രവുമായി ബന്ധപ്പെട്ട 46 രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥമാണ് 'ആർക്കൈവ്സ് ട്രഷറി'. ഇതിൽ കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ളതും പുറത്തു നിന്നുള്ളവയും ഉൾപ്പെടുന്നു. 1796-1945 കാലയ ളവിലുള്ള ഈ രേഖകളിൽ 1801-ൽ വേലുത്തമ്പിയെ ദളവയായി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം, മലയാളി മെമ്മോറിയൽ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ, നേതാജിയുടെ സന്ദേശങ്ങൾ തുടങ്ങി ചരിത്രത്തിലെ വിസ്മരിക്കാനാകാത്ത താളുകൾ ഉൾപ്പെടുന്നു. 1974 മുതൽ 1989 വരെ 32 ഭാഗങ്ങളായി പുറത്തിറങ്ങിയ 'കേരള സ്റ്റേറ്റ് ആർക്കൈവ്സ് ന്യൂസ് ലെറ്ററിന്റെ' പൂർണ്ണ രൂപമാണ് 'ആർക്കൈവ്സ് ട്രഷറി'.

19 Graeme's Report of the Revenue Administration of Malabar - Dated 14th January 1822

ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്ന് ഭൂനികുതി വ്യവസ്ഥയായിരുന്നതിനാൽ ഏറ്റവും കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുള്ളത് അതിന്മേലാണ്. മലബാറിൽ ബ്രിട്ടീഷ് സർക്കാർ നടപ്പിലാക്കിയ ഭൂനിയമങ്ങളാണ് മലബാർ കലാപം അഥവാ മാപ്പിള കലാപങ്ങൾക്ക് കാരണമായത്. 1818-ൽ മദ്രാസ് ഗവൺമെന്റ് എച്ച്.എച്ച്. ഗ്രേമിനെ സ്പെഷ്യൽ കമ്മിഷണർ ആയി നിയോഗിക്കുന്നത് മലബാറിനെക്കുറിച്ച് പഠിക്കാനും ക്രമസമാധാന - ഭൂപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ്. 1818 മുതൽ 1822 വരെ മലബാറിന്റെ വിവിധ ജില്ലകൾ സന്ദർശിച്ചു പഠിച്ച ഗ്രേം, 1822-ൽ സമർപ്പിച്ച റിപ്പോർട്ട് തോമസ് മൺറോ സ്വീകരിക്കുകയും നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തു. സതേൺ കോർട്ട് ഓഫ് സർക്യൂട്ട് ജഡ്ജാ യിരുന്ന ഗ്രേമിന്റെ റിപ്പോർട്ടാണ് ഗ്രേംസ് റിപ്പോർട്ട് ഓഫ് ദി റവന്യൂ അഡ്മിനിസ്ട്രേഷൻ ഓഫ് മലബാർ എന്ന പേരിൽ കേരള സ്റ്റേറ്റ് ആർക്കൈവ്സ് പുറത്തിറക്കുന്നത്.



CC-0. In Public Domain. Digitization by eGangotri

Selected Reports on Malabar Canara and Wynad - 1914,1916,1917



കേരളത്തിന്റെ തെക്കൻ ഭാഗങ്ങളെ അപേക്ഷിച്ച് കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിന്റെ കീഴിൽ വന്ന പ്രദേശമാണ് മലബാർ. ധാതു-വന, കാർഷിക-വാണിജ്യ പരമായ പ്രദേശത്തിന്റെ മേൽക്കോയ് മയും പാരമ്പര്യവും ബ്രിട്ടീഷുകാർക്കു മുന്നിൽ അനന്തമായ വരുമാന സ്രോത സ്സാണ് തുറന്നിട്ടത്. അതിനാൽ തന്നെ കഴിയുന്നിടത്തോളം സമ്പത്ത് കൊള്ളയടി ക്കുക എന്ന ലക്ഷ്യത്തോടെ മദ്രാസ് പ്രസിഡൻസി മറ്റു ഭാഗങ്ങളിൽ നടപ്പാ ക്കിയ എല്ലാ നയങ്ങളും മലബാറിലും നടപ്പി ലാക്കാൻ തുടങ്ങി. ഇതിനായി ഉദ്യോ ഗസ്ഥരുടെ നീണ്ട നിരയെ മലബാറിൽ നിയ മിച്ചു. പ്രദേശത്തെ കുറിച്ചുള്ള വിവരശേ ഖരണത്തിന് വേണ്ടി മദ്രാസ് ഗവർണർ 1838-ൽ 19 ചോദ്യങ്ങൾ കളക്ടറായി രുന്ന പി. ക്ലമൻസന് നൽകുകയുണ്ടായി. ഇത്തരത്തിലുള്ള വിപുലമായ പണം ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ Report on Revenue and other Matters Connected with Malabar by P. Clementson, Report on the Provinces of Malabar and Canara by Sullivan, Report onthe History, Condition and Prospects of the Talulk of Wynad by W. Robinson എന്നീ മൂന്ന് റിപ്പോർട്ടുകൾ അതിന്റെ അന്തസത്ത ചോരാതെ പ്രസി ദ്ധീകരിച്ചിരിക്കുന്നതാണ് ഈ ഗ്രന്ഥം. മലബാറിലെ ഭൂനികുതി, കച്ചവട-വാണിജ്യം, കാർഷിക വിളകൾ, സ്വർണ-ധാതു നി ക്ഷേപം, നാണ്യവിളകൾ ഭൂവുടമ സമ്പ്ര ദായം തുടങ്ങി പ്രദേശത്തെ സംബ ന്ധിക്കുന്ന സകല വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു കൊണ്ട് മലബാറിനെ പ്രത്യേകിച്ച് ഉത്തര മലബാറിനെ കുറിച്ച് പഠിക്കുന്ന ഗവേ ഷകർക്കും, ഭരണാധികാരികൾക്കും ഉപകാരപ്രദമായ ഒരു ഗ്രന്ഥമായിരിക്കും ഇത്.

Kerala Archives Journal Thaliyola - Vol 1

പുരാരേഖകളെ ശാസ്ത്രീയ സം രക്ഷണത്തിലൂടെ അവയെ ഗവേഷകരി ലേക്ക് എത്തിക്കുന്ന ചരിത്ര ദൗത്യം എക്കാലവും നിറവേറ്റി വരുന്ന കേരള സംസ്ഥാന പുരാരേഖ വകുപ്പിന്റെ പുതിയ പുരാരേഖാ ചരിത്ര ജേർണലാണ് "താളിയോല" കേരളത്തിൽ എഴുത്തിന് ഉപയോഗിച്ചിരുന്ന എഴുത്തോല അഥവാ താളിയോലകളിലെ പ്രതിപാദ്യ വിഷയ ങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ഇവയിൽ നിന്നും നമുക്ക് അന്നത്തെ സാമൂഹിക - രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക-

CC-0. In Public Domain. Digitization by eGangotri



പരമ്പരാഗത ചികിത്സാ രീതികളെക്കുറിച്ച് ഏകദേശം 15-ാം നൂറ്റാണ്ട് മുതലുള്ള വിവരങ്ങൾ ലഭ്യമാണ്. കേരള സംസ്കാരത്തെ പരമ്പരാഗത കലവറയായ താളിയോലകളിൽ നിന്നും പ്രാധാന്യമർഹിക്കുന്നവ പണ്ഡിതന്മാരുടെ ഗവേഷണ റിപ്പോർട്ടുകളുടെ രൂപത്തിൽ പ്രസിദ്ധീകരിക്കുക എന്നതാണ് "താളിയോല" എന്ന Journal- ലിലൂടെ സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ലക്ഷ്യമിടുന്നത്.

പതിപ്പ് ഒന്ന് Vol - 1 Part - 1

താളിയോലയുടെ ഒന്നാം പതിപ്പ് ഒൻപത് വ്യത്യസ്ത രേഖകളുടെ ഒരു സമാഹാരമാണ്. തിരുവിതാംകൂർ മഹാരാജാവ് തീരദേശികളുടെ സംരക്ഷണത്തിനായി പുറപ്പെടുവിച്ച ഉത്തരവ്, ധീരദേശാഭിമാനി വേലുത്തമ്പി ദളവയുടെ അറസ്റ്റ്, ഇംഗ്ലണ്ടിൽ പണത്തിനായി പോയ മലയാളികളുടെ വിവരങ്ങൾ തുടങ്ങി വ്യത്യസ്ത രേഖകളടങ്ങുന്ന ഒരു അക്ഷയ നിധിയാണ് താളിയോലയുടെ പ്രഥമ പതിപ്പ്.

29. പതിപ്പ് രണ്ട്

ഒന്നാം പതിപ്പിന്റെ തുടർച്ചയായി താളിയോലയുടെ രണ്ടാം പതിപ്പ് അതീവ പ്രാധാന്യമുള്ള വിഷയങ്ങളെ കോർത്തിണക്കി എട്ട് വ്യത്യസ്തങ്ങളായ രേഖകളെ കുറച്ചാണ് വിശദീകരിക്കുന്നത്. ബ്രിട്ടീഷ് പട്ടാളക്കാരെ തിരുവിതാംകൂറിൽ നിന്നും പുറത്താക്കാൻ 1809-ൽ ബാലരാമ വർമ്മ മഹാരാജാവ് പുറപ്പെടുവിച്ച നീട്ട്, 1862-ൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാനായി പീപ്പിൾ ലൈബ്രറി തിരുവനന്തപുരത്ത് തുടങ്ങുന്ന രേഖ, 1859-ൽ തിരുവിതാംകൂർ മഹാരാജാവ് ഈഴവ സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കുവാനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് തുടങ്ങി വ്യത്യസ്ത വിഷയങ്ങളുടെ സമാഹാരമാണ് താളിയോലയുടെ രണ്ടാം പതിപ്പ്.

Kadakkal Rebellion - 1939

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ രാജ്യമൊന്നാകെയുള്ള ബഹുജന പ്രക്ഷോഭങ്ങൾ മാത്രമല്ല, പല ഗ്രാമങ്ങളിലും അന്യായങ്ങൾക്കെതിരെ നടന്ന ചെറുത്തുനില്പ്പുകളും ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള പല ചെറുത്തുനിൽപ്പുകളിൽ ഒന്നാണ് 1939 ലെ കേരളത്തിൽ നടന്ന കടയ്ക്കൽ കലാപം. കടയ്ക്കൽ ചന്തയിലെ അന്യായമായ ചുങ്കപിരിവിനെതിരായി ആരംഭിച്ച പ്രതിഷേധം, സ്കൂളുകൾ അടച്ചിട്ടും പോലീസ് സ്റ്റേഷൻ കൊള്ളയടിച്ചും റോഡ് ഗതാഗതം തടഞ്ഞും കലാപമായി പടരുകയായിരുന്നു. പട്ടാളത്തിന്റെ ഇടപെടൽ ഒരാഴ്ചക്കുള്ളിൽ കലാപത്തിന് അന്ത്യമൊരുക്കിയെങ്കിലും ദുസ്സഹമായ ഭരണകൂടത്തിനെതിരെ പ്രതികരിക്കാൻ തയാറാകുന്ന സാധാരണക്കാരന്റെ ആത്മവിശ്വാസവും ധീരതയും കടയ്ക്കൽ കലാപം തുറന്നു കാട്ടുന്നു. കോടതി നടപടിക്രമങ്ങൾ ആരോപിതരുടെയും സാക്ഷികളുടെയും വിവരങ്ങളുമുൾപ്പെടുന്ന ഈ പുസ്തകം പ്രാദേശിക ചരിത്ര രചനയിൽ പ്രാധാന്യം അർഹിക്കുന്നു.



CC-0. In Public Domain. Digitization by eGangotri

24 Guide to the Records of Regional Archives Kozhikode

മനുഷ്യരാശിയുടെ രേഖകൾ സംരക്ഷിക്കുവാനുള്ള പ്രവണത ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഉദാഹരണത്തിന് ഗ്രീസ്, റോമൻ, ചൈനീസ് തുടങ്ങിയ സംസ്കാരങ്ങൾ റെക്കോർഡ് റൂമുകൾക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. ചരിത്രബോധമുള്ള വ്യക്തിയ്ക്ക് മാത്രമാണ് ഭൂതകാലത്തിലെ തെറ്റുകൾ ആവർത്തിക്കാതെ മുന്നോട്ടു പോകാൻ കഴിയുന്നത്. ആർക്കൈവ്സ് മനുഷ്യനിൽ ചരിത്രബോധം വളർത്താൻ സഹായിക്കുന്നു. കോഴിക്കോട് പ്രാദേശിക ആർക്കൈവ്സ് എന്ന കലവറയുടെ താക്കോൽ എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന പുസ്തകമാണ് ഗൈഡ് ടു ദി റെക്കോഡ്സ് ഓഫ് റീജണൽ ആർക്കൈവ്സ് കോഴിക്കോട് . മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന പുസ്തകത്തിൽ ആദ്യ രണ്ടു ഭാഗങ്ങൾ മലബാറിന്റെ ചരിത്രവും മദ്രാസ് പ്രവിശ്യയിലെ ഭരണ വ്യവസ്ഥയുമാണ് ചർച്ച ചെയ്യുന്നത്. മൂന്നാം ഭാഗം കോഴിക്കോട് പ്രാദേശിക ആർക്കൈവ്സിൽ സംരക്ഷിച്ചിരിക്കുന്ന രേഖകളുടെ വിവരങ്ങളാണ്.

25 A Short Account of the Laccadive Islands and Minicoy



കേരളത്തോട് ചേർന്നു കിടക്കുന്ന മനോഹരമായ പവിഴപ്പുറ്റു ദ്വീപുസമൂഹമാണ് ലക്ഷദ്വീപ്. ആന്ത്രോസ് കൽവേനി, സുഹേലി, അമേനി, അഗത്തി തുടങ്ങി 36-ഓളം ദ്വീപുകൾ ഇതിൽ ഉൾപ്പെടുന്നു. ചിറക്കൽ രാജാക്കന്മാരുടെയും തുടർന്ന് അറയ്ക്കൽ രാജവംശത്തിന്റെയും കീഴിലായിരുന്നു ഈ ദ്വീപ്സമൂഹം. പോർച്ചുഗീസ്, ഡച്ച് തുടങ്ങിയവരുമായി കച്ചവടബന്ധങ്ങൾ നിലനിന്നിരുന്നു. പിന്നീട് ബ്രിട്ടീഷുകാരുമായുള്ള അധികാര തർക്കത്തെ തുടർന്ന് ഇവ ബ്രിട്ടീഷ് നിയന്ത്രണത്തിലായി. ദ്വീപുസമൂഹത്തിന്റെ കച്ചവട-വാണിജ്യ, സാമൂഹിക- സാമ്പത്തിക രംഗങ്ങളിലെ പാരമ്പര്യം പ്രത്യേക പരിഗണന അർഹിച്ചിരുന്നു. പിന്നീട് R.H.S. Ethis ICS ന്റെ നേതൃത്വത്തിൽ ദ്വീപുസമൂഹത്തെ കുറിച്ച് നടത്തിയ വിസ്തരിച്ചുള്ള പഠനത്തിൽ അവയുടെ ചരിത്രാതീത കാലം മുതൽ ആധുനിക കാലം വരെയുള്ള വിവരങ്ങൾ അനാവൃതമാക്കപ്പെട്ടു. ആ റിപ്പോർട്ടിന്റെ പ്രസിദ്ധീകരണമാണ് ഈ ഗ്രന്ഥം. അമൂല്യ വിവരങ്ങൾ ഇതിലെ 4 ഉം 5 ഉം അദ്ധ്യായങ്ങൾ സർ എം. റോബിൻസന്റെ വ്യക്തിപരമായ അനുഭവക്കുറിപ്പുകളും ഈ കൃതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

CC-0. In Public Domain. Digitization by eGangotri

The Kerala State Archives Bulletin (Swathi Tirunal)

26



കേരള സ്റ്റേറ്റ് ആർക്കൈവ്സ് ബുള്ളറ്റിൻ എന്ന പേരിൽ 1994-ൽ പ്രസിദ്ധീകരണം ആരംഭിച്ച ഈ ജേർണൽ സംസ്ഥാന പുരാരേഖാ വകുപ്പിന്റെ വളർച്ചയിലെ ഒരു പ്രധാനപ്പെട്ട നാഴികകല്ലായാണ് കണക്കാക്കപ്പെടുന്നത്. പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ ലക്കം തന്നെ അവസാന ലക്കമായി മാറിയ വിരോധാഭാസവും ഉണ്ടായെങ്കിലും ചുരുങ്ങിയ സമയം കൊണ്ടുതന്നെ അത് ഗവേഷക-പൊതുജന ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി. കവികളിലെ രാജകുമാരൻ അഥവാ രാജകുമാരന്മാരിലെ കവി എന്നറിയപ്പെടുന്ന തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഭരണാധികാരിയായിരുന്ന സ്വാതിതിരുനാളിന്റെ ജീവിതത്തിന്റെയും കൃതികളെയും കുറിച്ചുള്ള 52 അപൂർവ്വ രേഖകൾ ഗവേഷക സമക്ഷം കൊണ്ടുവരുന്നതിന് ഈ പുസ്തകം വളരെയധികം സഹായിച്ചു. കൂടാതെ Dr. K.K.N. കുറുപ്പ്, Dr. S. കൃഷ്ണ അയ്യർ, Dr. R. മധുദേവൻ നായർ തുടങ്ങിയവരുടെ പഠനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രധാനപ്പെട്ട മതിലകം റിക്കാഡുകൾ (500–903)

27

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ കൈവശമുണ്ടായിരുന്ന പ്രാചീന രേഖകളാണ് മതിലകം രേഖകൾ എന്നറിയപ്പെടുന്നത്. ക്ഷേത്രമതിൽക്കെട്ടിനകത്ത് സൂക്ഷിച്ചിരുന്നതിനാലാകാം അങ്ങനെ അറിയപ്പെടുന്നത്. പേര് സൂചിപ്പിക്കുന്നതു പോലെ ഈ ഗ്രന്ഥത്തിലെ ഭൂരിഭാഗം രേഖകളും പത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. ശരാശരി 300 മുതൽ 1000 പനയോലകളടങ്ങിയ 3000 ചുരുണകളാണ് ഈ രേഖാ സമുച്ചയത്തിൽ അടങ്ങിയിട്ടുള്ളത്. കൊല്ലവർഷം 550 മുതൽ 903 വരെയുള്ള 350 വർഷത്തെ 271 രേഖകൾ പ്രാചീന തിരുവിതാംകൂറിന്റെ സാമൂഹിക - സാമ്പത്തിക - രാഷ്ടീയ - സാംസ്കാരിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ്.

''പ്രധാനപ്പെട്ട മതിലകം റിക്കാർഡുകൾ'' എന്ന പേരിൽ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ എഡിറ്റ് ചെയ്ത് 1941-ൽ തിരുവിതാംകൂർ സർക്കാർ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ പുനഃപ്രകാശനം 2004-ൽ സംസ്ഥാന ആർക്കൈവ്സ് വകുപ്പ് നിർവ്വഹിക്കുകയുണ്ടായി. മഹാകവി

CC-0. In Public Domain. Digitization by eGangotri

ഉള്ളൂരിന്റെ പാണ്ഡിത്യത്തിന്റെയും ചരിത്രാന്വേഷണത്തിന്റെയും ഉത്തമമായ ഉദാഹരണമാണ് ഈ ഗ്രന്ഥം. ആദ്യ പതിപ്പിൽ എഡിറ്ററായിരുന്ന ഉള്ളൂർ എഴുതിയ മുഖവുരയിൽ ഇങ്ങനെ പറയുന്നു:- ഈ വാല്യം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിന്റെ രാഷ്ട്രീയമോ അല്ലെങ്കിൽ ഭരണപരമോ ആയ ചരിത്ര വിവരങ്ങളുടെ മാത്രമല്ല മലയാള ഭാഷയുടെ കൂടി ഖനിയാണെന്ന് സംശയരഹിതമായി ഉറപ്പിച്ചു പറയുന്നവയാണ്.

നീണ്ട കാലഘട്ടത്തിന്റെ ചരിത്രവും സംസ്കാരവും വായിച്ചെടുക്കാവുന്ന, ഭാവിയുടെ വികാസ പരിണാമങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന, മുതൽക്കൂട്ടാണ് ഈ അമൂല്യ ഗ്രന്ഥം.



28 Report on the Northern Division of Malabar

കേരളത്തിന്റെ മറ്റു പ്രദേശങ്ങളിൽ നിന്നും വിഭിന്നമായി മലബാർ തുടക്കം മുതൽ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. ആദ്യം ബോംബെ പ്രസിഡൻസിക്ക് കീഴിലും പിന്നീട് 1800 മുതൽ മദ്രാസ് പ്രസിഡൻസിക്ക് കീഴിലുമായിരുന്നു. കിട്ടാവുന്നതിന്റെ അങ്ങേയറ്റം വരുമാനം ഊറ്റിയെടുക്കുക എന്ന തന്ത്രം നടപ്പിലാക്കുന്നതിനു വേണ്ടി ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിൽ നടപ്പിലാക്കിയ പോലെ തങ്ങളുടെ കീഴിലുള്ള പ്രദേശത്തെ കുറിച്ച് നന്നായി പഠിക്കുകയാണ് അവർ ചെയ്തത്. ഇതിന്റെ ഭാഗമായി 1801-ൽ മലബാർ കളക്ടറായിരുന്ന

CC-0. In Public Domain. Digitization by eGangotri

J. Strachey മദ്രാസ് സെന്റ് ജോർജ് കോട്ടയിലെ ബോർഡ് ഓഫ് റെവന്യു വിന് ഉത്തര മലബാറിനെ സംബന്ധിച്ച് നൽകിയ തന്റെ പഠന റിപ്പോർട്ട് ഒരു മാറ്റവും കൂടാതെ അതിന്റെ തന്മയത്വം നിലനിർത്തി ആർക്കൈവ്സ് വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നതാണ് ഈ പുസ്തകം. മലബാറിലെ വിവിധ വരുമാന സ്രോതസ്സുകൾ, കൃഷി, കാർഷികോൽപന്നങ്ങൾ, ജന്മി-കുടിയാൻ ബന്ധങ്ങൾ അവരുടെ പ്രശ്നങ്ങൾ, കച്ചവടം, വ്യാപാരം തുടങ്ങി പ്രദേശത്തിന്റെ മുഴുവൻ ചരിത്രവും ഭൂമിശാസ്ത്രവും അനാവരണം ചെയ്യുന്ന ഈ പുസ്തകം, ആയതിനാൽ തന്നെ ആ പ്രദേശത്തിന്റെ ചരിത്രത്തിനെ കുറിച്ച് പഠിക്കാൻ ശ്രമിക്കുന്ന ഗവേഷകർക്കും, പൊതു ജനങ്ങൾക്കും വിലമതിക്കാനാകാത്ത വിവരങ്ങൾ നൽകുന്നു.

29

കേരളത്തിലെ പ്രാചീന ലിപി മാതൃകകൾ



ചരിത്ര കാലത്തിലേക്കുള്ള മനുഷ്യ വർഗ്ഗത്തിന്റെ ചുവടുവയ്പ്പിന്റെ അടയാളപ്പെടുത്തലാണ് ലിപികളുടെ കണ്ടുപിടിത്തവും എഴുത്തും. പ്രാചീന കേരള ചരിത്രത്തെ ഊഹാപോഹങ്ങൾക്കും, വിദേശ സഞ്ചാരികളുടെ വിവരണങ്ങൾക്കും അതീതമായി വസ്തുനിഷ്ടമായി അവതരിപ്പിക്കാൻ സഹായിക്കുന്നതാണ് ചരിത്ര രേഖകൾ. ഇവ ബ്രാഫ്മി, വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, കരിന്തമിഴ്, ഗ്രന്ഥാക്ഷരം തുടങ്ങിയ ലിപികളിലാണ് എഴുതിയിരിക്കുന്നത്. ഒരു ദേശത്തിന്റെ ചരിത്രപരമായ സാംസ്കാരിക പാരമ്പര്യത്തെ രൂപപ്പെടുത്തുന്ന ഭാഷയുടെ വായന സാധ്യമാക്കുന്നത് ലിപി പഠിക്കുന്നതിലൂടെയാണ്. കേരളത്തിൽ എഴുത്താരംഭിച്ച കാലം മുതൽ പ്രചാരം നേടിയ പ്രധാന ലിപി വ്യവസ്ഥകൾ ഉദാഹരണം സഹിതം പ്രതിപാദിക്കുന്ന, ഡോ. എൻ. സാം രചിച്ച് കേരള സംസ്ഥാന ആർക്കൈവ്സ് പ്രസിദ്ധീകരിക്കുന്ന ''കേരളത്തിലെ പ്രാചീന ലിപി മാതൃകകൾ'' എന്ന ഈ ഗ്രന്ഥം ചരിത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഏറെ പ്രയോജനപ്രദമാണ്.

CC-0. In Public Domain. Digitization by eGangotri

30 സ്വാതന്ത്ര്യ സമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ – ഭാഗം മൂന്ന്



ഇന്ത്യൻ ദേശീയതയെയും കേരളത്തിലെ സ്വാതന്ത്ര്യ സമരത്തെയും കുറിച്ച് പഠിക്കാൻ സഹായിക്കുന്നവയാണ് നേതാക്കന്മാരുടെ പ്രസംഗങ്ങൾ. സംസ്ഥാന പുരാരേഖാ വകുപ്പ് പ്രസിദ്ധീകരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ 100 പ്രസംഗങ്ങൾ കാലക്രമം അനുസരിച്ച് (1939-42) തിരഞ്ഞെടുത്തിരിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കന്മാർ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും നവ സമൂഹ സൃഷ്ടിയ്ക്കും വേണ്ടി ജനങ്ങളോട് നടത്തിയ ഉദ്ബോധനങ്ങളാണ് പ്രസംഗങ്ങളിൽ ഏറിയ പങ്കും. സമരങ്ങൾക്ക് ഭിന്നമായ മാർഗ്ഗങ്ങളും ആവശ്യങ്ങളും ഉണ്ടായിരുന്നെങ്കിലും പൊതുവായ ലക്ഷ്യം സ്വാതന്ത്ര്യവും ജനാധിപത്യവും ഐക്യ കേരളവുമായിരുന്നുവെന്ന് ഈ പ്രസംഗങ്ങൾ തെളിയിക്കുന്നു.

31 സ്വാതന്ത്ര്യ സമര സേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഭാഗം രണ്ട്



സ്വാതന്ത്ര്യ സമരം കേരള ചരിത്രത്തിലെ സജീവമായ ഏടുകളിലൊന്നാണ്. കോൺഗ്രസ്സിന്റെയും സ്റ്റേറ്റ് കോൺഗ്രസ്സിന്റെയും നയപരിപാടികൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുവാനും അവരെ സമര സജ്ജരാക്കുവാനും പ്രധാനമായി ആശ്രയിച്ചിരുന്നത് സന്ധ്യാനേരത്തെ പൊതുയോഗങ്ങളെയാണ്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമുന്നത നേതാക്കളായ പട്ടം താണുപിള്ള, സി. കേശവൻ, ടി.എം. വർഗ്ഗീസ് എന്നിവരുടെ പ്രസംഗങ്ങളാണ് സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഭാഗം രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

CC-0. In Public Domain. Digitization by eGangotri

ചരിത്ര രശ്മികൾ (കൊ. വ. 676–1114) 32



ആർക്കൈവ്സ് വകുപ്പിന്റെ സുപ്രധാന പ്രവർത്തനങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ചരിത്ര രേഖകളുടെ പ്രസിദ്ധീകരണം. കാലപ്പഴക്കം മൂലം നശിക്കാൻ ഇടയുള്ളതും, ആധുനിക തലമുറയ്ക്ക് കേരളത്തിന്റെ മധ്യകാല ചരിത്രം (കൊ.വ.676–1114) മനസ്സിലാക്കാനും 15-ാം നൂറ്റാണ്ടിലെ മലയാള ഭാഷയ്ക്കും 20-ാം നൂറ്റാണ്ടിലെ ഭാഷയ്ക്കും തമ്മിലുള്ള പ്രയോഗ വ്യത്യാസം മനസ്സിലാക്കാനും ചരിത്ര രശ്മികൾ എന്ന പേരിൽ പ്രകാശിതമായ ഈ ഗ്രന്ഥം ചരിത്രാന്വേഷകർക്ക് ഒരു അക്ഷയനിധിയാണ്. രേവതി പട്ടത്താനം, മാമാങ്കം, അത്തച്ചമയം, അരിയിട്ട് വാഴ്ച എന്നിങ്ങനെ തുടങ്ങി, കേരളത്തിലെ ഭൂവുടമാ സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയ 1865-ലെ പാട്ടവിളംബരം, കേരള നിയമസഭയുടെ മൂലരൂപമായ ആലോചന സഭയെക്കുറിച്ചുള്ള രേഖകൾ തുടങ്ങി ചരിത്രത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ സഹായകരമാണ് ഈ രേഖസമുച്ചയം എന്നതിൽ യാതൊരു സംശയവും വേണ്ട.

CC-0. In Public Domain. Digitization by eGangotri



ഭരണഭാഷ അടിസ്ഥാന രേഖകൾ

33

ഭരണനിർവ്വഹണത്തിന്റെ എല്ലാ മേഖലകളിലും മാതൃഭാഷ വ്യാപകമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിനുസഹായകരമായ ഒട്ടനവധി രേഖകൾ അടങ്ങിയ ഗ്രന്ഥമാണ് ഭരണ ഭാഷ അടിസ്ഥാന രേഖകൾ . ഭാരതത്തിലെയും കേരളത്തിലെയും ഭരണഭാഷാ സംബന്ധമായ ഏഴ് അടിസ്ഥാന രേഖകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. കേരളത്തിലെ ആദ്യത്തെ ഭരണ ഭാഷാ റിപ്പോർട്ടായ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി റിപ്പോർട്ട് പാർലമെന്റിന്റെ ഔദ്യാഗിക ഭാഷാകമ്മിറ്റി റിപ്പോർട്ട്, ഭാരതത്തിലെ ഔദ്യോഗിക ഭാഷാ ആക്ട്, കേരള ഔദ്യോഗിക ഭാഷകൾ ആക്ട്, കോടതി ഭാഷ - ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്, ലിപി പരിഷ്കരണ ഉത്തരവുകളും റിപ്പോർട്ടുകളും തുടങ്ങിയവയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയങ്ങൾ. ഭാരതത്തിലെയും കേരളത്തിലെയും ഔദ്യോഗിക ഭാഷാ ആക്ടുകൾ സൃഷ്ടിക്കുന്നതിന് ആധാരമായ അടിസ്ഥാന പ്രമാണങ്ങളായ റിപ്പോർട്ടുകളാണ് പാർലമെന്റിന്റെ ഔദ്യോഗിക ഭാഷാ കമ്മിറ്റി റിപ്പോർട്ടും കോമാട്ടിൽ അച്യുത മേനോൻ കമ്മിറ്റി റിപ്പോർട്ടും. അതിന്റെ വിശദരൂപം ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഭാഷാ സ്നേഹികൾക്ക് ഒരു റഫറൻസ് ഗ്രന്ഥമാണ് ഭരണ ഭാഷ അടിസ്ഥാന രേഖകൾ എന്ന ഈ പുസ്തകം.

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

CC-0. In Public Domain. Digitization by eGangotri

ആധുനിക ജനാധിപത്യവ്യവസ്ഥയെ ഒരു ദശാബ്ദത്തിനു മുമ്പത്തെ രാജഭരണ വ്യവസ്ഥയുമായി താരതമ്യം ചെയ്തു പഠിക്കാനും വിലയിരുത്തുവാനും ചരിത്ര വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഒന്നാണ് ഈ സമാഹാരം.

Publishers
Kerala State Archives Department
Government of Kerala,
Nalanda, Thiruvananthapuram - 695 003
Phone : 0471-2311547





Printed at
Kerala State C-apt | https://captkerala.com